പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2769 **28-10-2026-ൽ മറുപടിയ്ക്ക്**

പാണഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. രാജൻ ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിലെ പാണഞ്ചേരി ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രം വിവിധ ഘട്ടങ്ങളിലായി നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലുകൾക്ക് തുക അനുവദിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണ്;

മറുപടി: പാണഞ്ചേരി ഗ്രാമപഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹാൾ നിർമ്മാണത്തിന്റെ ഒന്നാം ഘട്ട പ്രവൃത്തി എം.എൽ.എ ഫണ്ടിൽ നിന്നും അനുവദിച്ച 99 ലക്ഷം രൂപ ഉപയോഗിച്ചാണ് നടപ്പാക്കിയത്. പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബിൽ തുകയായ 29,26,400/- രൂപ 17.10.2026 ൽ അനുവദിച്ചിട്ടുണ്ട്. രണ്ടാം പാർട്ട് ബിൽ തുകയായ 56,08,507/- രൂപയ്ക്കുള്ള ബിൽ തയ്യാറാക്കി തുക അനുവദിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണവുമായി ബന്ധപ്പെട്ട് 35 ലക്ഷം രൂപയ്ക്കുള്ള എ.സി.പി പ്രവൃത്തിയും എം.എൽ.എ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചതിനെ തുടർന്ന് 28,38,947/-രൂപയ്ക്കുള്ള ബിൽ തയ്യാറാക്കി **തുക അനുവദിക്കുന്നതിനായി ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിട്ടുണ്ട്.**

(ബി) പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ അവ പരിഹരിച്ച് ബില്ലുകൾ തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

മറുപടി: പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട് തുക അനുവദിക്കുന്നതിന് പഞ്ചായത്തിൽ യാതൊരു തടസ്സവും ഇല്ല. ബില്ലുകൾ അംഗീകരിക്കുന്ന മുറയ്ക്ക്, ട്രഷറിയിൽ സമർപ്പിച്ച്, തുക അനുവദിക്കുവാൻ സാധിക്കുന്നതാണ്.

(സി) കമ്മ്യൂണിറ്റി ഹാൾ നിർമ്മാണവുമായി ബന്ധപ്പെട്ട് തീർപ്പാകാനുള്ള ബില്ലുകളിൽ തുക അനുവദിച്ച് നടപടികൾ പൂർത്തീകരിക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

മറുപടി: നിശ്ചയിച്ചിട്ടില്ല.

(ഡി) ഇല്ലെങ്കിൽ സമയപരിധി നിശ്ചയിച്ച് നടപടികൾ പൂർത്തിയാക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

<u>മറുപടി:</u> ബില്ലുകൾക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക്, ട്രഷറിയിൽ സമർപ്പിച്ച്, തുക അനുവദിക്കാൻ സാധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ